(ഡി) നൂതന ഗവേഷണ പ്രോജക്ടുകൾക്ക് ധനസഹായം ലഭ്യമാക്കുവാൻ 37 അദ്ധ്യാപക ഗവേഷണ പ്രോജക്ടുകളും, 28 വിദ്യാർത്ഥി പ്രോജക്ടുകളും തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. കൂടാതെ മൂന്ന് മികവിന്റെ കേന്ദ്രങ്ങളും നാല് ഇന്നവേഷൻ സെന്ററുകളും സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എൻ.സി.സി. ആരംഭിക്കുന്നതിന് നടപടി

74 (2079) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എൻ.സി.സി. ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) വി.എച്ച്.എസ്.സി. സ്കൂളുകളിൽ സ്ഥിരമായി പ്രിൻസിപ്പൽമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) വി.എച്ച്.എസ്.സി. സ്കൂളുകളിൽ സ്ഥിരം ക്ലാർക്ക്, പ്യൂൺ തസ്തികകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും സ്ഥിരം ക്ലാർക്കുമാരുടെ തസ്തിക നിലവിലുണ്ട്. കുറഞ്ഞത് മൂന്ന് കോഴ്സുകളെങ്കിലും ഉള്ള സ്കൂളുകളിൽ പ്യൂൺ തസ്തിക നിലവിലുണ്ട്.

സെറ്റ് പരീക്ഷയിലെ കൂട്ടത്തോൽവി

75 (2080) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെറ്റ് പരീക്ഷയിലെ കഴിഞ്ഞ വർഷത്തെ വിജയശതമാനം എത്രയായിരുന്നു ;

(ബി) കൂട്ടത്തോൽവി സംബന്ധിച്ച് അന്വേഷണം നടത്താൻ ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ കൂട്ടത്തോൽവി ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അടുത്ത സെറ്റ് പരീക്ഷ എന്നത്തേക്ക് നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) പരീക്ഷ താമസിക്കുന്ന സാഹചര്യത്തിൽ പി.എസ്.സി.ക്ക് അപേക്ഷ നൽകുന്നതിന് നിബന്ധനകൾക്ക് വിധേയമായി തോറ്റവരെക്കൂടി പരിഗണിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 5.90 ശതമാനം.

(ബി) ഇല്ല.

(സി) ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

പുതിയ ഹയർ സെക്കന്ററി സ്കൂളുകളും സീറ്റുകളും

76 (2081) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07 അദ്ധ്യയനവർഷം മുതൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പുതിയതായി എത്ര സീറ്റുകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) എയിഡഡ്, ഗവൺമന്റ് മേഖലകളിലെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2007-08-ൽ 19350 സീറ്റുകളും

2008-09-ൽ 180 സീറ്റുകളും

2010-11-ൽ 18350 സീറ്റുകളും അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. *

മലബാറിൽ സർക്കാർ മേഖലയിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകൾ

77 (2082) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാറിൽ സർക്കാർ മേഖലയിൽ എത്ര ഹയർ സെക്കണ്ടറി സ്കൂളുകളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly